പതിമൂന്നാം കേരള നിയമസഭ എട്ടാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-577
19/03/2013 ലെ മറുപടിക്ക്

## ഗ്രന്ഥശാലകൾക്ക് എം.എൽ.എ ഫണ്ടിൽ നിന്നും വിഹിതം ലഭ്യമാക്കാൻ നടപടി

**ചോദ്യം**

**ശ്രീ.ജോസ് തെറ്റയിൽ**

**ഉത്തരം**

**ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | ഗ്രന്ഥശാല സംഘത്തിൻെറ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് കെട്ടിടം പണിയുവാൻ എം.എൽ.എ ഫണ്ടിൽ നിന്നും തുക അനുവദിക്കുവാൻ മാർഗ്ഗനിർദ്ദേശം ഉള്ളപ്പോൾ പ്രസ്തുത ഗ്രന്ഥശാലകൾക്ക് ആവശ്യമുള്ള കമ്പ്യൂട്ടറുകളും ബുക്കുകളും ലഭ്യമാക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഉണ്ട് |
| (ബി) | എങ്കിൽ ഗ്രന്ഥശാല സംഘത്തിൻെറ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടറുകളും ബുക്കുകളും ലഭ്യമാക്കുവാൻ എം.എൽ.എ ഫണ്ട് അനുവദിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനു നടപടികൾ സ്വീകരിക്കുമോ ? | സർക്കാർ/എയ്ഡഡ് സ്കൂളുകൾ/ കോളേജുകൾക്ക് മാത്രമേ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് നിലവിൽ അനുമതിയുള്ളൂ. ഈ വിഷയം സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**